C4450

**U.O.Note**

**No.A8-1-SR-196/19** **Date: 30.10.2020**

Sub :- CRMP No. 2320/14/LA2/2019 - KeSCPCR

Ref:- Order dated 09.10.2019 in CRMP No. 2320/14/LA2/2019 - KeSCPCR

Hon'ble Commission for Protection of Child Rights vide its Order dated 09.10.2019 in CRMP No. 2320/14/LA2/2019 – KeSCPCR directed the Waqf Board to give direction to all the Madrasa which are registered under the Waqf Board not to take any disciplinary action which were affecting the right to education of the students studying in the Madrassa and further sought for action taken report. The copy of the said order is hereby forwarded for taking urgent action and also for an action taken report.

Junior Superintendent

To
A1 section

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
# തിരുവനന്തപുരം

**(ഹാജർ: ഫാദർ ഫിലിപ്പ് പരക്കാട്ട് പി.വി., മെമ്പർ)**

തീയതി: 09.10.2019

## സി.ആർ.എം.പി. നമ്പർ: 2320/14/LA2/2019/KeSCPCR

ഹർജികക്ഷി : അഡ്വ. ദീപക് എസ്.പി.
ജനറൽ സെക്രട്ടറി
കേരള സംസ്ഥാന ശിശുക്ഷേമ സമിതി
തൈക്കാട്, തിരുവനന്തപുരം - 695 014

എതിർകക്ഷികൾ :

1) സ്റ്റേഷൻ ഹൗസ് ഓഫീസർ
കുമ്പള പോലീസ് സ്റ്റേഷൻ
ജി.എച്ച്.എസ്. റോഡ്
കാസറഗോഡ് - 671 321

2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
കേരള സംസ്ഥാന വഖഫ് ബോർഡ്
വി.ഐ.പി. റോഡ്, കലൂർ
എറണാകുളം - 682 017

3) ജില്ലാ ശിശുസംരക്ഷണ ഓഫീസർ
ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്
രണ്ടാം നില, ഡി-ബ്ലോക്ക്, സിവിൽ സ്റ്റേഷൻ
വിദ്യാ നഗർ, കാസർഗോഡ് - 671 123

### ഉത്തരവ്

1. കാസറഗോഡ് ജില്ലയിലെ പുത്തിഗെ പഞ്ചായത്തിൽ എ.കെ.ജി. നഗറിലെ മുഹമ്മദ് കുഞ്ഞ് എന്നയാൾ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ തണൽ പദ്ധതി പ്രകാരമുള്ള ടോൾഫ്രീ നമ്പരിൽ വിളിച്ച് ടിയാന്റെ മകൻ ഉൾപ്പെടെ

യുള്ള 5 കുട്ടികളെ പ്രസ്തുത പ്രദേശത്തെ അഹദലിയ്യ മദ്രസയിൽ നിന്നും
പുറത്താക്കുകയും പരീക്ഷ എഴുതാൻ അനുവദിക്കുന്നില്ലായെന്ന് പരാതിപ്പെ
ട്ടെന്നും, തുടർന്ന് ശിശുക്ഷേമ സമിതിയുടെ ജില്ലാ സെക്രട്ടറി അന്വേഷിക്കു
കയും കുട്ടികളെ പരീക്ഷ എഴുതാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടെ
ങ്കിലും മദ്രസ അധികാരികൾ പരാതി പരിഹരിക്കാനോ, കുട്ടികൾക്ക് പരീക്ഷ
എഴുതാൻ അനുവദിക്കുകയോ, ചെയ്തിട്ടില്ലെന്നും, മദ്രസ്സ അധികാരി മദ്രസ്സ
യിലെ 14 വയസ്സുള്ള പെൺകുട്ടിയെ ലൈംഗികമായി ഉപദ്രവിക്കുന്നതിനെ
ചോദ്യം ചെയ്തതിന്റെ പേരിൽ പരാതി പറയുന്ന 5 കുട്ടികളെ ഓഫീസിൽ
കൊണ്ടുപോയി മൃഗീയമായി ഉപദ്രവിക്കുകയും മദ്രസ്സയിൽ നിന്ന് പുറത്താക്കു
കയും ചെയ്തു എന്നാണ് അന്വേഷണത്തിൽ മനസ്സിലാകുന്നതെന്നും,
എന്നാൽ പീഡനത്തിന് വിധേയയായ പെൺകുട്ടിയുടെ രക്ഷകർത്താക്കൾ ടി
വിഷയം സംബന്ധിച്ച് പരാതിപ്പെടാൻ തയ്യാറാകുന്നില്ലെന്നും, കമ്മീഷൻ മേൽ
വിഷയത്തിൽ ഇടപെടൽ നടത്തി കുട്ടികൾക്ക് തുടർന്ന് പഠിക്കുന്നതിനും
പരീക്ഷ എഴുതുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും,
പെൺകുട്ടിയെ മദ്രസ്സ അധികാരികൾ ലൈംഗികമായി ഉപദ്രവിച്ചത്
സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണമെന്നും
മറ്റുമാണ് ഹർജി.

2. തുടർന്ന് എതിർകക്ഷികളോട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മീഷൻ നിർദ്ദേശിച്ചു.

3. ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ ഹർജി സംഗതി സംബന്ധിച്ച്
പുത്തിഗെ പഞ്ചായത്തിലെ എ.കെ.ജി. നഗറിലുള്ള മദ്രസ്സത്തുൽ അഹ്ദലിയ്യ
മദ്രസ്സിൽ ചെന്ന് മദ്രസ സെക്രട്ടറി ഹമീദ് അൻവർ എന്നയാളുടെയും, പരാതി
പറഞ്ഞ കുട്ടികളുടെ രക്ഷിതാക്കളായ മുഹമ്മദ്കുഞ്ഞ്, അബ്ദുൾ സഹദ്
എന്നിവരെ കണ്ട് ടിവരുടേയും മൊഴികൾ രേഖപ്പെടുത്തി അന്വേഷണം
നടത്തിയെന്നും, മുഹമ്മദ് എന്നയാളുടെ 2 ആൺകുട്ടികളും, അബ്ദുൾ
സഹദിന്റെ 3 ആൺകുട്ടികളും പ്രസ്തുത മദ്രസ്സയിൽ പഠിച്ചിരുന്നെന്നും,
14.02.2019 തീയതി കുട്ടികളെ മദ്രസ്സയിൽ നിന്നും പുറത്താക്കിയതിന്റെ പേരിൽ
രക്ഷിതാക്കൾ കാസറഗോഡ് ചൈൽഡ്‌ലൈൻ മുമ്പാകെ പരാതിപ്പെട്ടതിനെ
ത്തുടർന്ന് മദ്രസ്സ അധ്യാപകനായ ഹംസ എന്നയാൾക്കെതിരെ കുമ്പള
പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 96/19 u/s 323, 324 IPC & Sec 75 of JJ Act

ആയി രജിസ്റ്റർ ചെയ്ത് 15.05.2019 തീയതി ബഹു. കാസറഗോഡ് JFCM II കോടതി മുൻപാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണെന്നും, അധ്യാപക നെതിരെ കേസ് രജിസ്റ്റർ ചെയ്തതിന്റെ വൈരാഗ്യത്തിലാണ് കുട്ടികളെ മദ്രസ്സ യിൽ നിന്നും പുറത്താക്കിയതെന്ന് രക്ഷിതാക്കൾ മൊഴി നൽകിയിട്ടുണ്ടെന്നും, കുട്ടികളിൽ അബ്ദുൾ സഹദിന്റെ മകൻ സമീം എന്ന കുട്ടി മാത്രമേ പൊതു പരീക്ഷയിൽ പങ്കെടുത്തിട്ടുള്ളതെന്നും, 14 വയസ്സുള്ള പെൺകുട്ടിയെ ലൈംഗികമായി ഉപദ്രവിച്ചത് സംബന്ധിച്ച പരാതി മദ്രസ്സ അധികാരികൾക്ക് ലഭിച്ചിരുന്നില്ലെന്നും, കുട്ടികളുടെ വിദ്യാഭ്യാസത്തിനും ഉന്നമനത്തിനും വേണ്ടി നിലകൊള്ളുന്ന സ്ഥാപനമെന്ന നിലയിൽ കുട്ടികൾ പഠിക്കുന്നതിന് ആവശ്യ മായ സാഹചര്യം ഒരുക്കുന്നതിനും മദ്രസ അധികാരികൾ തയ്യാറാണെന്നും മദ്രസ്സ സെക്രട്ടറിയായ ഹമീദ് അൻവർ മൊഴി നൽകിയെന്നും മറ്റും ബോധിപ്പിച്ചു.

4. രണ്ടാം എതിർകക്ഷിയുടെ 02.08.2019-ലെ റിപ്പോർട്ടിൽ ഹർജിയിൽ പറയുന്നതു പോലെ മദ്രസ്സയിൽ നിന്നും ആരെയും പുറത്താക്കിയിട്ടില്ലെന്നും, മദ്രസ്സയിൽ രാവിലെയുള്ള ശാരീരികാരോഗ്യ പരിശീലനത്തിനിടെ മൂന്നാം ക്ലാസിലെ പെൺകുട്ടികൾ പുറംതിരിഞ്ഞ് നിന്നപ്പോൾ മദ്രസ അധ്യാപകനായ ഉസ്മാൻ പെൺകുട്ടികളെ മോശമായ രീതിയിൽ നോക്കിയെന്ന് ആരോപിച്ച കുട്ടികളോട് രക്ഷിതാക്കളേയും കൂട്ടി വന്നാൽ മാത്രമേ ഇനി മുതൽ ക്ലാസിൽ കയറ്റുകയു ള്ളുവെന്ന് അറിയിക്കുക മാത്രമാണ് ചെയ്തതെന്ന് മദ്രസ്സ അധികാരികൾ അറിയിച്ചെന്നും, എന്നാൽ ടി കുട്ടികളുടെ രക്ഷിതാക്കൾ മദ്രസ അധികാരി കളെ കാണുന്നതിനു പകരം, രാത്രിയിൽ നേരിട്ട് ഉസ്താദുമാരെ കയ്യേറ്റം ചെയ്യാൻ ഒരുമ്പെടുകയും ചീത്ത വിളിക്കുകയും ചെയ്തതായി മദ്രസ അധികാരികൾ അറിയിച്ചെന്നും, ടി സംഭവത്തിന് ശേഷം ടി കുട്ടികൾ മദ്രസ യിൽ വന്നിട്ടില്ലെന്നും, എന്നാൽ ഏഴാം ക്ലാസിലെ പൊതുപരീക്ഷയിൽ മുഹമ്മദ് ഷമീം എന്ന കുട്ടി കാസർഗോഡ് ചൈൽഡ് വെൽഫയർ കമ്മിറ്റി യുടെ ഉത്തരവിനനുസരിച്ച് പരീക്ഷ എഴുതിയെന്നും, അപ്പോഴത്തേയ്ക്കും മറ്റു ക്ലാസുകളിലെ പരീക്ഷകളെല്ലാം കഴിഞ്ഞിരുന്നെന്നും, മദ്രസ അധ്യാപകർക്കെ തിരെ ലൈംഗിക പീഡനം ആരോപിച്ച് പരാതി നൽകി മദ്രസ്സയ്ക്ക് ദുഷ്പേരു ണ്ടാക്കിയതിനാൽ പരാതിക്കാരുടെ മക്കളെ മേലിൽ ടി മദ്രസ്സയിൽ പഠിപ്പി ക്കാൻ സാധ്യമല്ലെന്നും ടി.സി. ആവശ്യപ്പെടുന്നമുറക്ക് നൽകുന്നതാണെന്നും മദ്രസ്സ സെക്രട്ടറി അറിയിച്ചെന്നും, എന്നാൽ ടി മദ്രസ്സയിൽ തന്നെ പഠിപ്പിക്കണ

മെന്നാണ് പരാതിക്കാരായ രക്ഷിതാക്കൾ ആവശ്യപ്പെട്ടിരിക്കുന്നതെന്നും, ശിശു ക്ഷേമ സമിതിയുടെ അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള 14 വയസ്സുള്ള പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ചെന്നും, ആയതിനെ കുട്ടികൾ ചോദ്യം ചെയ്തെന്നുമുള്ള റിപ്പോർട്ട് പൂർണ്ണമായും തെറ്റാണെന്നും, അങ്ങനെ യൊരു സംഭവം നടന്നിട്ടില്ലെന്നും, പരാതിക്കാരുടെ ബന്ധുക്കളും, പുറത്താക്ക പ്പെട്ട കുട്ടികളും, മദ്രസ്സ അധികാരികളും ഒരുപോലെ അറിയിച്ചെന്നും, വിദ്യാർത്ഥികളെ മർദ്ദിച്ചതിന് മദ്രസ അധ്യാപകർക്കെതിരെയുള്ള പരാതിയിൽ പോലീസ് സ്റ്റേഷനിൽ ക്രൈം 96/2019 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടു ള്ളതാണെന്നും, ടി കേസുകളിൽ പരാമർശ വിധേയരായ അധ്യാപകരെ മദ്രസ യിൽ നിന്നും ഒഴിവാക്കിയതായും അറിയാൻ കഴിഞ്ഞെന്നും ബോധിപ്പിച്ചു.

5. റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നത് പരാതികക്ഷികളുടെ മക്കളെ ഉപദ്രവിച്ച മദ്രസ്സ അധ്യാപകർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നാണ്. എന്നാൽ മദ്രസ്സയിൽ നിന്നും പുറത്താക്കപ്പെട്ട നാല് കുട്ടികൾക്ക് വാർഷിക പരീക്ഷ എഴുതാൻ സാധിക്കാതിരുന്നത് അവരുടെ വിദ്യാഭ്യാസ അവകാശ നിഷേധമാ യിട്ടേ കമ്മീഷന് കാണാൻ കഴിയൂ. ആയതിനാൽ ടി കുട്ടികളുടെ തുടർ പഠനം ഉറപ്പു വരുത്തുന്നതിനുള്ള നടപടി ടി കുട്ടികളുടെ രക്ഷിതാക്കളും മദ്രസ്സ അധികൃതരും സ്വീകരിക്കേണ്ടതാണ്. 14 വയസ്സുള്ള പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ചുവെന്ന ആക്ഷേപം വാസ്തവ വിരുദ്ധമാണെന്നാണ് രണ്ട് റിപ്പോർട്ടുകളും വെളിപ്പെടുത്തുന്നത്. ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ടിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിന് സാഹചര്യം ഒരുക്കുന്നതിന് മദ്രസ്സ അധികാരികൾ തയ്യാറാണെന്നാണ് വ്യക്തമാക്കുന്നത്. എന്നാൽ രണ്ടാം എതിർകക്ഷിയുടെ റിപ്പോർട്ടിൽ മദ്രസ്സ അധികാരികൾ മദ്രസ്സത്തുൽ അഹ്ദലിയ മദ്രസ്സയിൽ ടി കുട്ടികളുടെ പഠനം തുടരാൻ അനുവദിക്കില്ലെ ന്നാണ് വെളിവാക്കുന്നത്. ഏതു കാരണമാണെങ്കിലും കുട്ടികൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുമ്പോൾ ടി കുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിന് തടസ്സമുണ്ടാകുന്നില്ലെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്.

6. പ്രസ്തുത സാഹചര്യത്തിൽ 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്ന തിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്ട് 15-ാം വകുപ്പ് പ്രകാരവും, 2009-ലെ

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം 31-ാം വകുപ്പ് പ്രകാരവും താഴെപ്പറയും ശുപാർശകൾ നൽകി മേൽ നമ്പർ കേസ് തീർപ്പാക്കി കമ്മീഷൻ ഉത്തരവാകുന്നു.

എ) ***കേരള സംസ്ഥാന വഖ്ഫ് ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മദ്രസ്സകളിൽ കുട്ടികൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുമ്പോൾ പ്രസ്തുത നടപടികൾ ഒരു കാരണവശാലും കുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിന് തടസ്സമുണ്ടാകാതെയുള്ള നടപടികളാണെന്ന് മദ്രസ്സ അധികാരികൾ ഉറപ്പു വരുത്തണമെന്ന് രണ്ടാം എതിർകക്ഷി എല്ലാ മദ്രസ്സ അധികാരികൾക്കും നിർദ്ദേശം നൽകേണ്ടതാണ്.***

ബി) ***കാസർഗോഡ് ജില്ലയിലെ പുത്തിഗെ പഞ്ചായത്തിലെ എ.കെ.ജി. നഗറിലുള്ള മാദ്രസ്സത്തുൽ അഹ്ദലിയ മദ്രസ്സയിൽ നിന്നും പുറത്താക്കപ്പെട്ട 5 കുട്ടികളുടെയും നിലവിലെ വിദ്യാഭ്യാസ സാഹചര്യം അന്വേഷിച്ച് ടി കുട്ടികൾ പഠനം തുടരുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ മൂന്നാം എതിർകക്ഷി സ്വീകരിക്കേണ്ടതാണ്.***

കമ്മീഷന്റെ ഉത്തരവിന്മേൽ രണ്ടും, മൂന്നും എതിർകക്ഷികൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ, ചട്ടം 45 പ്രകാരം 2019 ഡിസംബർ 31 -നകം എതിർകക്ഷികൾ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**ഫാദർ ഫിലിപ്പ് പരക്കാട്ട് പി.വി.**
(മെമ്പർ)

ഉത്തരവിൻ പ്രകാരം

**ജെസ്സി ജോർജ്ജ്**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ &
രജിസ്ട്രാർ (ഇൻ-ചാർജ്ജ്)

K/10/10/19